# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **435**

**29.06..2015**- ലെ മറുപടിക്ക്

## ഭവനശ്രീ പദ്ധതി വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഭവനശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾ എത്ര തുക വായ്പയായി നൽകിയിട്ടുണ്ട്;

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഭവനശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സഹകരണ ബാങ്കുകൾ വിതരണം ചെയ്ത വായ്പയുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | – 27925000 |
| ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | - 1040000 |
| താമരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | – 2346556 |
| മേപ്പയൂർ സർവ്വീസ് സഹകരണ ബാങ്ക് | - 200000 |
| ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് | - 750000 |
| മന്ദരത്തൂർ സഹകരണ റൂറൽ ബാങ്ക് | - 1250000 |
| കാവിലുംപാറ സർവ്വീസ് സഹകരണ ബാങ്ക് | – 549731 |
| ഏറാമല സർവ്വീസ് സഹകരണ ബാങ്ക് | – 1665000 |
| എടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | - 280000 |
| ആകെ | - 36006287 |

ബി) സംസ്ഥാന സർക്കാർ ഭവനശ്രീ വായ്പ എഴുതി തള്ളിയ ശേഷം ഈ ബാങ്കുകൾക്ക് എത്ര തുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാർ ഭവനശ്രീ വായ്പ എഴുതി തള്ളിയ ശേഷം ഈ ബാങ്കുകൾക്ക് ഈ ഇനത്തിൽ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

സി) ഈ വായ്പകളിൽ പലിശ ഉൾപ്പെടെ എത്ര തുക ഇനിയും ലഭിക്കാനുണ്ട്;

(സി) പലിശ ഉൾപ്പെടെ മേൽ വായ്പകളിൽ ആകെ 2,65,56,466/- രൂപ ലഭിക്കാനുണ്ട്.

ഡി) വായ്പാ തുകയും പലിശയും ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ?

(ഡി) സഹകരണ മേഖലയിൽ നിന്നും വിതരണം ചെയ്ത ഭവനശ്രീ വായ്പകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിന് ബാങ്കുകൾ കുടുംബശ്രീ ജില്ലാ മിഷനുമായി ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ